# പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2352** — **08.07.2015 ലെ മറുപടിയ്ക്ക്**

## ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവു വിളക്കുകൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ഡോ.കെ.ടി.ജലീൽ | പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| **എ)** മലപ്പുറം ജില്ലയിലെ ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവ് വിളക്കുകൾ, പാലത്തിന്റെ നിർമ്മാണം കഴിഞ്ഞിട്ടും നാളിതുവരെ പ്രവൃത്തനക്ഷമമായിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലം നിർമ്മാണം കഴിഞ്ഞതിനു ശേഷം മൂന്നുമാസത്തോളം തെരുവു വിളക്കുകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ പിന്നീട് KSEB വൈദ്യുതബന്ധം വിഛേദിച്ചതിനാൽ തെരുവു വിളക്കുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| **ബി)** ഇവ പ്രവൃത്തിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഇ.ബിയിൽ അടയ്ക്കുവാൻ ഇറിഗേഷൻ വകുപ്പിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആവശ്യങ്ങൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. |
| **സി)** ഇല്ലെങ്കിൽ തുക അനുവദിച്ച് ഈ വിളക്കുകൾ ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ